**വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ റഷ്യ സന്ദർശനം (ആഗസ്റ്റ് 19-21, 2025)**

ആഗസ്ത് 19, 2025

റഷ്യൻ ഫെഡറേഷന്റെ ഉപപ്രധാനമന്ത്രി ശ്രീ. ഡെനിസ് മാന്റുറോവിന്റെ ക്ഷണപ്രകാരം, വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2025 ഓഗസ്റ്റ് 19 മുതൽ 21വരെ റഷ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും. 2025 ഓഗസ്റ്റ് 20 ന് നടക്കാനിരിക്കുന്ന ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷൻ ഓൺ ട്രേഡ്, ഇക്കണോമിക്, സയന്റിഫിക്, ടെക്നോളജിക്കൽ ആൻഡ് കൾച്ചറൽ കോ-ഓപ്പറേഷൻ (IRIGC-TEC) ന്റെ 26-ാമത് സെഷനിൽ അദ്ദേഹം സഹ-അധ്യക്ഷത വഹിക്കും. മോസ്കോയിൽ ഇന്ത്യ-റഷ്യ ബിസിനസ് ഫോറം യോഗത്തെ EAM അഭിസംബോധന ചെയ്യും.

2. സന്ദർശന വേളയിൽ, EAM റഷ്യയുടെ വിദേശകാര്യ മന്ത്രി ശ്രീ. സെർജി ലാവ്റോവുമായി കൂടിക്കാഴ്ച നടത്തുകയും ഉഭയകക്ഷി അജണ്ട അവലോകനം ചെയ്യുകയും പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് പങ്കിടുകയും ചെയ്യും.

3.കാലാതീതമായി നിലനിൽക്കുന്ന പ്രത്യേകവും സവിശേഷവുമായ ഇന്ത്യ-റഷ്യ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സന്ദർശനം ലക്ഷ്യമിടുന്നു.

**ന്യൂഡൽഹി**

**ആഗസ്ത് 19, 2025**